**No. CEE/4050/2016/KEAM-2017/TA1**


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# പത്രക്കുറിപ്പ്

## 2017-ലെ ഹോമിയോ, ആയുർവേദ, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും മറ്റ് മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള സ്പോട്ട് അലോട്ട്മെന്റ്

2017-ലെ ഹോമിയോ, ആയുർവേദ, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലെയും, അഗ്രികൾച്ചർ, ഫോറസ്ട്രി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലെയും ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി ഒരു സ്പോട്ട് അലോട്ട്മെന്റ് **2017 ഒക്ടോബർ 23 (തിങ്കളാഴ്ച) രാവിലെ 9.30 ന് തിരുവനന്തപുരം, ഗവ: ആയുർവേദ കോളേജ് കാമ്പസിലുള്ള അനാട്ടമി ഹാളിൽ** വച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്. 23.10.2017 ന് സ്പോട്ട് അലോട്ട്മെന്റ് നടപടികൾ പൂർത്തീകരിക്കാൻ കഴിയാതെ വന്നാൽ 24.10.2017 ന് സ്പോട്ട് അലോട്ട്മെന്റ് പ്രക്രിയ തുടരുന്നതാണ്. **16.10.2017 ലെ** സർക്കാർ കത്തിലെ നിർദ്ദേശം അനുസരിച്ച് സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യുനാനി കോളേജുകളിലെ ഒഴിവുള്ള സർക്കാർ സീറ്റുകൾ ഈ സ്പോട്ട് അലോട്ട്മെന്റിൽ നികത്തുന്നതാണ്. വെറ്ററിനറി കോഴ്സിലെ സീറ്റുകൾ സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ വെറ്ററിനറി കോഴ്സിൽ ഒഴിവുവരുന്ന സീറ്റുകൾ സ്പോട്ട് അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ മെഡിക്കൽ/ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റ് സംബന്ധിച്ച വിശദമായി വിജ്ഞാപനം www.cee-kerala.org, www.cee.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
20.10.2017

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**